ഡയറക്ട് ഇൻവെസ്റ്റ്മെന്റ് പ്രോത്സാഹിപ്പിക്കുവാൻ നടപടി

10 (*469) പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അനിൽകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റിന്റെ കാലത്ത് എന്ത് തുകയ്ക്കുള്ള ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് സംസ്ഥാനത്ത് ഉണ്ടാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) സംസ്ഥാനത്തേക്ക് ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് വരുന്നതിനെതിരായുള്ള ഏതെങ്കിലും ഘടകങ്ങൾ ഉണ്ടെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ,

(എ) ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് മാത്രമായി ഒരു പ്രത്യേക ടാർജറ്റ് വച്ചിട്ടില്ല. എന്നാൽ ഏകദേശം 2288 കോടി രൂപയുടെ വിദേശ നിക്ഷേപ സാധ്യതയുള്ള പദ്ധതികൾ നടപ്പിലാക്കാൻ പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്.

(സി) താഴെ പറയുന്ന ഘടകങ്ങൾ സംസ്ഥാനത്ത് ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് വരുന്നതിനെതിരാണെന്ന് കരുതുന്നു.

1. വിദേശനിക്ഷേപം കൂടുതൽ ലഭിക്കുന്നതിനനുയോജ്യമായി വ്യാവസായിക മേഖലയിലും അടിസ്ഥാന സൗകര്യമേഖലയിലും കൂടുതൽ പദ്ധതികൾ നടപ്പിലാകാത്തത്.
2. വിദേശ നിക്ഷേപത്തോട് വിമുഖതകാട്ടുന്ന കേരളീയരുടെ മനോഭാവം
3. പൊതുമേഖലയിൽ വിദേശ സഹകരണത്തോടെയുള്ള വലിയ പദ്ധതികളുടെ അഭാവം.
4. വിദേശ നിക്ഷേപത്തെ ഭയത്തോടെയും സംശയത്തോടെയും വീക്ഷിക്കുന്ന മാധ്യമങ്ങൾ.
5. വൻകിട പദ്ധതികൾ സ്ഥാപിക്കാൻവേണ്ടത്ര ഭൂമി ലഭിക്കാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചുവടെ ചേർക്കുന്ന നടപടികൾ ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് പ്രോത്സാഹിപ്പിക്കുവാൻ സഹായകരമായിട്ടുണ്ട്.

1. ഈ സർക്കാർ അധികാരത്തിൽ വന്നയുടൻതന്നെ പുതിയ വ്യാവസായം, തൊഴിൽ നയം, ഐ.റ്റി. നയം എന്നിവ പ്രഖ്യാപിച്ച് വിപുലമായ പ്രചരണമാരംഭിച്ചു.

2. വിവിധ വകുപ്പുകളുടെ തലവൻമാരും മന്ത്രിമാരും അന്യസംസ്ഥാനങ്ങളിലും വിദേശത്തും പര്യടനം നടത്തി നിക്ഷേപകരെ കേരളത്തിലേക്ക് സ്വാഗതം ചെയ്തു.

3. സർക്കാരിന്റെ എല്ലാ വകുപ്പുകളേയും പൊതുമേഖലാ സ്ഥാപനങ്ങളേയും സംയോജിപ്പിച്ചുകൊണ്ട് ഇദംപ്രഥമമായി ആഗോള നിക്ഷേപക സമ്മേളനം നടത്തുകയുണ്ടായി. 2003-04 വർഷം 'ജിം'-ൽ വന്ന പദ്ധതികളുടെ സ്ഥാപന വർഷമായി ആചരിക്കുവാനും തീരുമാനിച്ചു. അവയിലൂടെ കൂടുതൽ വിദേശ നിക്ഷേപം കണ്ടെത്താനാണ് സർക്കാരിന്റെ ശ്രമം.

4. ടൂറിസം, അടിസ്ഥാന സൗകര്യം, ആതുര ശുശ്രൂഷ, ആയുർവേദം, വിദ്യാഭ്യാസം, ഗതാഗതം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ ആഷ്കരിച്ച് വിദേശ സംരംഭകരെ ആകർഷിക്കുന്നു.

5. വിദേശ മാധ്യമങ്ങലിലൂടെ "താൽപര്യ പ്രകടനങ്ങൾ" ക്ഷണിച്ചു കൊണ്ട് അനേകം പദ്ധതികൾക്കായി നിക്ഷേപമാരാഞ്ഞു.

6. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാൻ ഗവൺമെന്റ് രാഷ്ട്രീയാതീതമായ തീരുമാനങ്ങളെടുത്തുപോരുന്നു.

വനങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനം കണക്കാക്കുന്നതിനുള്ള മാനദണ്ഡം

11 (*471) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വി. ബാലറാം :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ വർഷം സംസ്ഥാനത്ത് വനങ്ങളിൽ നിന്നും എന്ത് വരുമാനം ലഭിച്ചു ;

(ബി) ഈ വർഷം പ്രതീക്ഷിക്കുന്ന വരുമാനമെത്രയാണ് ;

(സി) വനങ്ങളിലെ എന്തെല്ലാം ഇനങ്ങളിൽ നിന്നാണ് വരുമാനം ഉണ്ടാകുന്നത് ;

(ഡി) വനങ്ങളിൽ നിന്ന് ലഭിക്കുന്ന വരുമാനം കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly